## പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

**(ഹാജർ: ജീവൻബാബു. കെ. ഐ.എ.എസ്.)**

**വിഷയം:-** പൊതു വിദ്യാഭ്യാസം - വിജിലൻസ് -അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടുപോയത് - അച്ചടക്ക നടപടി - നൂൺമീൽ ഓഫീസർ ശ്രീ. വി. കെ. പ്രേംദാസിനെ സേവനത്തിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു.

**പരാമർശം:-**
1. ഈ ഓഫീസിൽ നിന്നും ശ്രീ. വി. കെ. പ്രേംദാസിന് ഇതേ നമ്പരായി നൽകിയ കുറ്റപത്രവും, കുറ്റാരോപണ പത്രികയും തീയതി: 02.08.2021.
2. ഇതേ നമ്പർ ഉത്തരവ് തീയതി: 14.02.2022.
3. പരീക്ഷാ ഭവൻ ജോയിന്റ് കമ്മീഷണറുടെ ഇതേ നമ്പർ അന്വേഷണ റിപ്പോർട്ട് തീയതി: 15.03.2022.
4. ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ് തീയതി: 21.04.2022.
5. ശ്രീ. പ്രേംദാസ് സമർപ്പിച്ച വിശദീകരണം തീയതി: 23.04.2022
6. ഇതേ നമ്പർ ഹിയറിംഗ് നോട്ടീസ് തീയതി: 09.05.2022.
7. ശ്രീ. പ്രേംദാസ് സമർപ്പിച്ച വിശദീകരണം തീയതി: 20.05.2022.

## ഉത്തരവ് നം. വിബി3/214500/2020/ഡിജിഇ/ഡി.ഡിസ് തീയതി: 25/05/2022

കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സീനിയർ ക്ലാർക്കായി ജോലി ചെയ്തു വന്ന ശ്രീ. വി. കെ. പ്രേംദാസിന് തലശ്ശേരി സൗത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നൂൺ മീൽ ഓഫീസറായി സ്ഥാനക്കയറ്റം നൽകി 13/07/2018 തീയതിയായി പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നൽകുകയുണ്ടായി. തുടർന്ന് 23/07/2018-ന് നൂൺ മീൽ ഓഫീസർ തസ്തികയിൽ തലശ്ശേരി സൗത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ടിയാൻ ജോയിൻ ചെയ്തു. പിന്നീട് 16/10/2018 തീയതിയിലെ ഉത്തരവ് പ്രകാരം ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലേക്ക് ടിയാന് സ്ഥലം മാറ്റം അനുവദിച്ച് ഈ ഓഫീസിൽ നിന്നും ഉത്തരവ് നൽകിയിരുന്നു. എന്നാൽ തലശ്ശേരി സൗത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ജോലിയിൽ തുടർന്ന് വന്ന ശ്രീ. പ്രേംദാസ് വിദേശത്ത് പോകുന്നതിന് വേണ്ടി 22.08.2018 മുതൽ 28.09.2018 വരെ 38 ദിവസത്തെ അവധി അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചിരുന്നു. ഈ ദിവസത്തേക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ച അവധി ഉപയോഗപ്പെടുത്തിക്കൊണ്ട് കുവൈറ്റിൽ പോകുകയും അവിടെ യൂണിവേഴ്സൽ അമേരിക്കൻ സ്കൂളിൽ ജോലിയിൽ ചേരുകയും ചെയ്തു.

അനുവദിച്ച അവധി തീരുന്നതിന് മുമ്പ് തിരികെ ജോലിയിൽ പ്രവേശിക്കുകയോ, ഇതിന് ശേഷം രേഖാമൂലമുള്ള അവധി അപേക്ഷ മേലധികാരികൾക്ക് നൽകുകയോ ചെയ്യാതെ ശ്രീ. പ്രേംദാസ് അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടുപോയി. ടിയാന്റെ ഭാഗത്ത് നിന്നുണ്ടായ അനധികൃത ഹാജരില്ലായ്മ, അച്ചടക്ക ലംഘനം എന്നിവ കണക്കിലെടുത്ത് 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 15 പ്രകാരം പരാമർശം (1) മുഖേന അച്ചടക്ക നടപടി ആരംഭിച്ചു. അനുവദിച്ച സമയപരിധി കഴിഞ്ഞിട്ടും ടിയാൻ പ്രതിവാദ പത്രിക സമർപ്പിക്കാത്തതിനാൽ പത്ര പരസ്യം, നോട്ടീസ് എന്നിവ നൽകി. ഇതിനും ടിയാനിൽ നിന്നും യാതൊരു പ്രതികരണവുമുണ്ടായിട്ടില്ല. എങ്കിലും 07/12/2021 ന് ഈ വിഷയത്തിൽ സംഘടിപ്പിച്ച ഹിയറിംഗിൽ വിദേശത്ത് നിന്നെത്തിയ ശ്രീ. പ്രേംദാസ് നേരിൽ പങ്കെടുത്ത് അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് അച്ചടക്ക നടപടിക്ക് വിധേയമായി ടിയാനെ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ചു കൊണ്ടും അച്ചടക്ക നടപടി സ്വീകരിച്ച വിഷയത്തിൽ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്താൻ പരീക്ഷാ ഭവൻ ജോയിന്റ് ഡയറക്ടറെ നിയോഗിച്ചു കൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവ് നൽകി. അന്വേഷണ നടപടികൾക്ക് ശേഷം അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (3) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. ആയത് പരിശോധിച്ചതിൽ ശ്രീ. പ്രേംദാസിന്റെ ഭാഗത്ത് നിന്നുണ്ടായ പ്രവൃത്തികൾ ഗുരുതരമായ കൃത്യവിലോപവും, കടുത്ത അച്ചടക്ക ലംഘനവുമാണ് എന്ന് ബോധ്യപ്പെട്ടു. ആയതിനൽ ഈ വിഷയത്തിൽ ടിയാൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലായെന്ന് കാണുകയുണ്ടായി. ഇത്തരത്തിൽ കൃത്യവിലോപവും, അച്ചടക്ക ലംഘനവും നടത്തുന്നതിലേക്ക് നയിച്ച സ്വഭാവത്താൽ ടിയാനെ പൊതു സർവ്വീസിൽ മേലിലും തുടരാനനുവദിക്കുന്നത് ആശാസ്യമല്ലായെന്ന് ബോധ്യപ്പെട്ടതിനാൽ ശിക്ഷാ നടപടിയുടെ ഭാഗമായി 1960 ലെ KCS (CC& A) ചട്ടം 11 (1) (Vii) പ്രകാരം ശ്രീ. പ്രേംദാസിനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് (Removal from the service) താൽകാലികമായി തീരുമാനിച്ചു കൊണ്ട് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ആയതിന് ടിയാൻ സമർപ്പിച്ച വിശദീകരണം പരിഗണിച്ച് 20.05.2022-ന് പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) & വിജിലൻസ് ഓഫീസർ ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. നേർക്കാഴ്ച വേളയിൽ ശ്രീ. പ്രേംദാസ് സമർപ്പിച്ച വിശദീകരണം ചുവടെ ചേർക്കുന്നു:

1. 23.03.2021-ന് അങ്ങയുടെ ഓഫീസിൽ നിന്നും നൽകി എന്നു പറയുന്ന കുറ്റപത്രവും കുറ്റാരോപണ പത്രികയും എന്റെ അറിവിൽപ്പെടുകയോ, എനിക്ക് ലഭിക്കുകയോ ഉണ്ടായിട്ടില്ല എന്ന് ബോധിപ്പിക്കുന്നു. എന്നാൽ ഇങ്ങനെ മേൽ പറഞ്ഞ നോട്ടീസുകൾ നൽകിയിരുന്നു എന്ന് വിബി3/214500/2020/ഡിജിഇ തീയതി: 30.11.2021 എന്ന നമ്പർ പ്രകാരമുള്ള കത്ത് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേനയുള്ള മെസ്സഞ്ജർ വഴി ലഭിച്ചപ്പോൾ മാത്രമാണ് അറിയാൻ കഴിഞ്ഞത്. ഇതായിരുന്ന പ്രസ്തുത കുറ്റപത്രത്തിനും കുറ്റാരോപണ പത്രികക്കും മറുപടി നൽകാതിരിക്കാനുണ്ടായ കാരണം എന്ന് സവിനയം ബോധിപ്പിക്കുന്നു.

2. വിദേശത്തു ജോലി മതിയാക്കി തിരികെ വരണം എന്ന ഉദ്ദേശത്തോടു കൂടി ആയിരുന്ന തലശ്ശേരി സൗത്ത് ഉപജല്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും 38 ദിവസത്തെ അവധി എടുത്തു പോയത്. എന്നാൽ എന്റെ പാസ്പോർട്ട് സ്ഥാപനത്തിൽ ഏൽപ്പിക്കണം എന്ന നിബന്ധനയിൽ സ്ഥാപനത്തിൽ ഏൽപ്പിക്കുകയും അവർ ഞാൻ തിരികെ പോകും എന്ന് മനസ്സിലാക്കിയ സാഹചര്യത്തിൽ പാസ്പോർട്ട് ഞാൻ ആവശ്യപ്പെട്ടപ്പോൾ നൽകാതിരിക്കുകയും ആണ് ഉണ്ടായത്. ഇത് എന്റെ മടങ്ങി വരവിനെ തടസ്സമായ ഒരു പ്രധാന കാരണമായിരുന്നു. കൂടാതെ ഇങ്ങനെ ജോലി മതിയാക്കി പോയാൽ ദീർഘകാലം ഞാൻ ജോലി ചെയ്ത കാലത്തെ സാമ്പത്തിക ആനുകൂല്യങ്ങൾ എല്ലാം തടയപ്പെടും എന്ന് അറിയിക്കുക ഉണ്ടായതിനാൽ എനിക്ക് തിരികെ വരാൻ പ്രയാസമുണ്ടാക്കിയ മറ്റൊരു കാരണം. ഇതേ തുടർന്ന് അവർ എനിക്ക് അനുവദിച്ചു വന്ന വാർഷിക അവധി പോലും അനുവദിക്കുക ഉണ്ടായില്ല. തുടർന്ന് വന്ന കോവിഡ് മഹാമാരിയുടെ വ്യാപനം മൂലം ഉണ്ടായ ലോക്ക് ഡൗൺ യാത്ര പ്രശ്നങ്ങളും മറ്റും എനിക്ക് വീണ്ടും നാട്ടിലേക്ക് മടങ്ങുവാനുള്ള തടസ്സമായി നിലകൊണ്ടത്. ഇതായിരുന്നു എനിക്ക് 38 ദിവസത്തെ ലീവ് കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കാതെ വന്ന സാഹചര്യം എന്ന് ബോധിപ്പിക്കുന്നു.

3. 07.12.2021-ൽ അങ്ങ് നടത്താൻ നിശ്ചയിച്ചിരുന്ന നേർക്കാഴ്ച എന്റെ അഭ്യർത്ഥന മാനിച്ച് 21.12.2021-ൽ ആണ് അങ്ങ് നടത്തിയത്. അതിനായി ഞാൻ 15

ദിവസത്തെ അടിയന്തിര ലീവ് അനുമതി മേടിച്ചാണ് ഹാജരായത്. 05.01.2022-ന് ഞാൻ തിരികെ എന്റെ ജോലി സ്ഥലത്തേക്ക് പോവുകയും ചെയ്തു. പ്രസ്തുത നേർക്കാഴ്ചയിൽ എടുത്ത തീരുമാനങ്ങൾ 14.02.2022-ലെ ഉത്തരവ് പ്രകാരം എന്നെ അറിയിക്കുകയും അതിൽ എനിക്ക് ഉടനെ ജോലിയിൽ പുന:പ്രവേശനം നൽകണമെന്ന നിർദ്ദേശം അങ്ങയുടെ ഓഫീസിലെ 'സി' സെക്ഷനിലേക്ക് നൽകുകയും ചെയ്തതായി മനസ്സിലാക്കി. (വിബി3/214500/2020/ഡിജിഇ തീയതി: 14.02.2022). നേർക്കാഴ്ച സമയത്ത് അങ്ങ് നൽകിയ ഈ അറിയിപ്പ് പ്രകാരം എനിക്ക് ജോലിയിൽ പുന:പ്രവേശനം ലഭിക്കും എന്ന് മനസ്സിലാക്കിയതിനാൽ വിദേശത്തുള്ള എന്റെ ജോലി മതിയാക്കി മടങ്ങുവാൻ ഞാൻ തീരുമാനിക്കുകയും, സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുവാൻ വേണ്ടി സ്ഥാപനത്തിന് യഥാവിധി പിരിഞ്ഞു പോകുവാനുള്ള നോട്ടീസ് നൽകുകയും ചെയ്തു. ഇതിനായി ഞാൻ എന്റെ പുന:പ്രവേശനം 2022 മാർച്ചിൽ വരുന്ന ഒഴിവിലേക്ക് നൽകിയാൽ നന്നായിരുന്നു എന്ന് ബഹു. ഡി.പി.ഐ. ക്ക് അപേക്ഷ അയക്കുകയും ഉണ്ടായിരുന്നു. ഇങ്ങനെ ജോലി മതിയാക്കി പോരുവാൻ വേണ്ടി നടപടികൾ നടക്കുമ്പോൾ ആണ് 08.03.2022-ന് ഹാജരാകാൻ സാധിക്കാതെ വന്നത്. ഇതിന് പ്രധാന കാരണം എന്റെ പാസ്പോർട്ട് സ്ഥാപനത്തിന്റെ കൈവശം ആയിരുന്നതിനാൽ യാത്ര ചെയ്യാൻ പറ്റാത്തതും ആണ്. ഈ വിവരം 08.03.2022-ലെ ഹിയറിംഗിൽ അങ്ങയുടെ നിർദ്ദേശപ്രകാരം നടത്തിയ ഹിയറിംഗിൽ എനിക്ക് വേണ്ടി ഹാജരായ എന്റെ ഭാര്യ ബോധിപ്പിച്ചതാണ്. എനിക്ക് നാളിതുവരെ പുന:പ്രവേശന ഉത്തരവ് ലഭിച്ചിട്ടില്ല എന്ന് കൂടി അറിയിക്കട്ടെ.

4. വിദേശത്തു ജോലി മതിയാക്കി തിരികെ വരണം എന്ന ഉദ്ദേശത്തോടു കൂടി ആയിരുന്നു തലശ്ശേരി സൗത്ത് എ.ഇ.ഒ. യിൽ നിന്നും 38 ദിവസത്തെ അവധി എടുത്തു പോയത്. എന്നാൽ എന്റെ പാസ്പോർട്ട് സ്ഥാപനത്തിൽ ഏൽപ്പിക്കണം എന്ന നിബന്ധനയിൽ സ്ഥാപനത്തിൽ ഏൽപ്പിക്കുകയും അവർ ഞാൻ തിരികെ പോകും എന്ന് മനസ്സിലാക്കിയ സാഹചര്യത്തിൽ പാസ്പോർട്ട് ഞാൻ ആവശ്യപ്പെട്ടപ്പോൾ നൽകാതിരിക്കുകയും ആണ് ഉണ്ടായത്. ഇത് എന്റെ മടങ്ങി വരവിനെ തടസ്സമായ ഒരു പ്രധാന കാരണമായിരുന്നു. കൂടാതെ ഇങ്ങനെ ജോലി മതിയാക്കി പോയാൽ ദീർഘകാലം ഞാൻ ജോലി ചെയ്ത കാലത്തെ സാമ്പത്തിക ആനുകൂല്യങ്ങൾ എല്ലാം തടയപ്പെടും എന്ന് അറിയിക്കുക

ഉണ്ടായതിനാൽ എനിക്ക് തിരികെ വരാൻ പ്രയാസുമുണ്ടാക്കിയ മറ്റൊരു കാരണം. ഇതേ തുടർന്ന് അവർ എനിക്ക് അനുവദിച്ചു വന്ന വാർഷിക അവധി പോലും അനുവദിക്കുക ഉണ്ടായില്ല. തുടർന്ന് വന്ന കോവിഡ് മഹാമാരിയുടെ വ്യാപനം മൂലം ഉണ്ടായ ലോക്ക് ഡൗൺ യാത്ര പ്രശ്നങ്ങളും മറ്റും എനിക്ക് വീണ്ടും നാട്ടിലേക്ക് മടങ്ങുവാനുള്ള തടസ്സമായി നിലകൊണ്ടത്. ഇതായിരുന്നു എനിക്ക് 38 ദിവസത്തെ ലീവ് കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കാതെ വന്ന സാഹചര്യം എന്ന് ബോധിപ്പിക്കുന്നു.

14.02.2022-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എനിക്ക് സർക്കാർ ജോലിയിൽ പുനഃപ്രവേശനം ലഭിക്കും എന്ന ഉറപ്പുള്ളതിനാൽ കുവൈറ്റിൽ നിലവിലുള്ള ജോലി രാജിവെക്കുകയും നാട്ടിൽ മടങ്ങി എത്തുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഞാൻ മുകളിൽ പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് 31.05.2022-ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന ആൾ എന്ന പരിഗണന നൽകി കൊണ്ട് പിരിച്ചു വിടൽ പോലുള്ള അച്ചടക്ക നടപടികൾ ഒഴിവാക്കി ജോലിയിൽ പുനഃപ്രവേശനം നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ഞാൻ 02.12.1998 മുതൽ 24.03.2018 വരെ വിവിധ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി എടുത്ത് കുവൈറ്റിൽ യൂണിവേഴ്സൽ അമേരിക്കൽ സ്കൂൾ, ഹാവള്ളി, കുവൈറ്റ് എന്ന സ്ഥാപനത്തിൽ ഐ.ടി. അഡ്മിനിസ്ട്രേറ്റർ ആയി ജോലി ചെയ്തു വന്നു. അവധിക്കാലം അവസാനിച്ചതിനെ തുടർന്ന് തിരികെ ജോലിയിൽ പ്രവേശിക്കുകയും, ഫറൂക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നൂൺമീൽ എൻ.എം.ഒ. ആയി തലശ്ശേരി സൗത്ത് എ.ഇ.ഒ. ഓഫീസിലേക്ക് മാറ്റം ലഭിക്കുകയും ചെയ്തു.

എന്നാൽ ഞാൻ കുവൈറ്റിൽ ജോലി ചെയ്ത സ്ഥാപനത്തിൽ നിന്നും ജോലി മതിയാക്കി പോരുവാൻ നോക്കുന്ന നേരത്ത് ഇപ്രകാരം ജോലി നിർത്തി പോയാൽ സ്ഥാപനത്തിന്റെ നടത്തിപ്പിന് അത് പ്രയാസം ഉണ്ടാക്കും എന്നും അതിനാൽ നിങ്ങൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നൽകാൻ കഴിയില്ല എന്നും നിർബന്ധമെങ്കിൽ 3 മാസം തന്നെ എങ്കിലും മുൻകൂർ നോട്ടീസ് നൽകുകയും പകരം ആളെ ലഭിക്കുകയും വേണം എന്ന നിബന്ധനകൾ മുന്നോട്ടു വച്ചു. ഇത് പരിഗണനക്ക് എടുക്കാതെ ആണ് ഞാൻ തിരികെ നാട്ടിൽ വന്നു ജോലിയിൽ പുനഃപ്രവേശിച്ചത്.

എന്നാൽ ഞാൻ 20 വർഷക്കാലമായി ജോലി ചെയ്ത സ്ഥാപനത്തിൽ നിന്ന് എനിക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കണം എന്നതിനാൽ, തലശ്ശേരി എ.ഇ.ഒ. ഓഫീസിൽ എൻ.എം.ഒ. ആയി ജോലി ചെയ്തു വരവെ 01.08.2018 മുതൽ 21.08.2022 വരെ അർദ്ധ വേതനാവധിയും തുടർന്ന് 22.08.2018 മുതൽ 20.12.2018 വരെ ശൂന്യവേതനാ അവധിയെടുത്ത് തിരികെ എന്റെ കുവൈറ്റിലെ ജോലി സ്ഥലത്തേക്ക് പോവുകയും ചെയ്തു. എന്നാൽ തുടർന്ന് കോവിഡ് 19 എന്ന രോഗവ്യാപനം കാരണം കുവൈറ്റ് പോലുള്ള ഗൾഫ് രാജ്യങ്ങൾ പൂർണ്ണമായി അടച്ചിടുകയും അങ്ങനെ എന്റെ നാട്ടിലേക്കുള്ള തിരിച്ചു വരവ് മുടങ്ങുകയും ചെയ്തു. ഇതാണ് എനിക്ക് തിരികെ നാട്ടിലേക്ക് വരുവാനും അവധി കഴിഞ്ഞ ജോലിയിൽ തുടരുവാനും സാധിക്കാതെ വന്നത്.

31.05.2022-ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരൻ എന്ന നിലയിൽ എന്റെ ഭാഗത്ത് നിന്നും ഉണ്ടായ ഈ പ്രവൃത്തിക്ക് ഞാൻ ആത്മാർത്ഥമായി ക്ഷമ ചോദിക്കുന്നു.

ഈ വിഷയം വിശദമായി പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ട വസ്തുതകൾ ചുവടെ ചേർക്കുന്നു:

1) പരാമർശം (1) കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ ശ്രീ. പ്രേംദാസിന്റെ കോഴിക്കോട് ജില്ലയിലെ മേൽവിലാസം, ഇ-മെയിൽ വിലാസം, വിദേശത്തെ അഡ്രസ്സ് എന്നിവയിൽ അയച്ചു കൊടുത്തിരുന്നു. എന്നാലവ കൈപ്പറ്റാതിരുന്നതിനാലും അവധി കൂടാതെ ജോലിക്ക് ടിയാൻ ഹാജരാകാതിരുന്നതിനാലും, കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി സംബന്ധിച്ച മാന്വൽ (എം.ഡി.പി.) ഖണ്ഡിക 53-ലെ വ്യവസ്ഥ പ്രകാരവും, ജി.ഒ.(എം.എസ്) നം. 07/2014/വിജി തീയതി: 22.04.2014-ലെ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു കൊണ്ട് പത്രപരസ്യം, നോട്ടീസ് എന്നിവ നൽകിയിട്ടുണ്ട്. ആയതിനാൽ കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ തന്റെ അറിവിൽപ്പെടുകയോ, ലഭിക്കുകയോ ഉണ്ടായില്ല എന്ന ശ്രീ. പ്രേംദാസിന്റെ വാദം വസ്തുത വിരുദ്ധമാണ്.

2) പൊതു വിദ്യാഭ്യാസ വകുപ്പിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനായി ജോലി വഹിച്ചു വരവെ, തലശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും 38 ദിവസത്തെ അവധിയെടുത്ത് 23.07.2018-ന് വിദേശത്ത് പോയ ശ്രീ. പ്രേംദാസ് അവധിയില്ലാതെ ജോലിയിൽ നിന്നും വിട്ടു പോകുകയും കുവൈറ്റിലെ യൂണിവേഴ്സൽ അമേരിക്കൻ സ്കൂളിൽ ജോലിയിൽ തുടരുകയും ചെയ്തു. വിദേശത്തെ ജോലിയിൽ നിന്നും സാമ്പത്തിക ആനുകൂല്യം നേടുന്ന ടിയാന് അതേ സമയം തന്നെ സർക്കാർ ജോലിയിലുള്ള ടിയാന്റെ ക്ലൈം അനുവദിക്കണമെന്ന ആവശ്യം പരിഗണനാർഹമല്ല. 2020 മാർച്ച് മാസം അവസാനമാണ് ഇന്ത്യയിൽ കോവിഡ്-19 രോഗബാധ മൂലം ലോക്ഡൗൺ നിലവിൽ വന്നത്. എന്നാൽ 2018 വർഷത്തിൽ വിദേശത്ത് പോയ ശ്രീ. പ്രേംദാസിന് കോവിഡ് രോഗവ്യാപനം മൂലമുണ്ടായ യാത്ര പ്രശ്നങ്ങൾ കാരണമാണ് കേരളത്തിലേക്ക് മടങ്ങിയെത്താൻ കഴിയാതിരുന്നത് എന്ന വാദം സമാന്യയുക്തിക്ക് നിരക്കാത്തതും അടിസ്ഥാന രഹിതവുമാണ്. കൂടാതെ നേർകാഴ്ച വേളയിൽ നൽകിയ വിശദീകരണത്തിൽ പ്രതിപാദിച്ചിട്ടുള്ളവയ്ക്ക് അനുപൂരകമായി രേഖാമൂലമുള്ള തെളിവുകൾ ടിയാൻ ഹാജരാക്കിയിട്ടില്ല.

3) ഹിയറിംഗ് വേളയിലെ ശ്രീ. പ്രേംദാസിന്റെ വാദം അനുഭാവപൂർവ്വം പരിഗണിച്ചും എം.ഡി.പി. ഖണ്ഡിക 53(6)-ലെ വ്യവസ്ഥ പ്രകാരവും അച്ചടക്ക നടപടിക്ക് വിധേയമായി പരാമർശം (2) പ്രകാരം സേവനത്തിൽ തിരികെ പ്രവേശിപ്പിച്ച് ഉത്തരവ് നൽകുകയുണ്ടായി. എന്നാൽ പിന്നീട് നടത്തിയ ഔപചാരിക അന്വേഷണത്തെ തുടർന്ന് അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ ടിയാന്റെ വിശദീകരണങ്ങൾ പരിഗണാർഹമല്ലെന്ന് കണ്ട് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലിക തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിൽ അന്തിമ ഉത്തരവ് കൈക്കൊള്ളുന്നതു വരെ ടിയാന് നിയമനം നൽകേണ്ടതില്ലായെന്ന് തീരുമാനം കൈക്കൊണ്ടതിനാലാണ് നിയമനം നൽകാതിരുന്നത്.

സേവനത്തിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് അപേക്ഷ നൽകിയ ശേഷവും വിദേശത്ത് തിരികെ പോയി ശ്രീ. പ്രേംദാസ് ജോലി തുടരുകയും ചെയ്തിട്ടുണ്ട്. പരിധിയിൽ കവിഞ്ഞ ശൂന്യവേതനാവധി ആർജ്ജിച്ച് കഴിഞ്ഞിട്ടും (22 വർഷം) അവധി ഉത്തരവില്ലാതെ മൂന്നര വർഷത്തിലധികം അനധികൃത ഹാജരില്ലായ്മയിൽ നിന്ന്

കൊണ്ട് ടിയാൻ വിദേശത്ത് പോയി ജോലി ചെയ്യുകയും ചെയ്തിട്ടുണ്ട്. അവധി എടുക്കുന്നത് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളും സർക്കാർ ഉത്തരവുകളും ശ്രീ. പ്രേംദാസ് പാടെ ലംഘിച്ചതായി ബോധ്യപ്പെട്ടു. ഇപ്രകാരം വകുപ്പിനെ കബളിപ്പിച്ചു കൊണ്ട് മുന്നോട്ടു പോയ ശ്രീ. പ്രേംദാസിന്റെ അപേക്ഷ പരിഗണനാർഹമല്ല. ആയതിനാൽ നിലവിലെ ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന ശ്രീ. പ്രേംദാസിന്റെ ഇത്തരത്തിലുള്ള പ്രവർത്തിമൂലം ടിയാനെ സേവനത്തിൽ തുടരാൻ അനുവദിക്കുന്നത് ആശാസ്യമല്ലായെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ ശിക്ഷാ നടപടിയുടെ ഭാഗമായി പരാമർശം (4) പ്രകാരം ശ്രീ. പ്രേംദാസിന് നൽകാൻ തീരുമാനിച്ച താൽകാലിക ശിക്ഷ സ്ഥിരപ്പെടുത്തി കൊണ്ട്, 1960 - ലെ KCS (CC& A) ചട്ടം 11 (1) (Vii) പ്രകാരം ശ്രീ. പ്രേംദാസ്. വി. കെ. യെ സേവനത്തിൽ നിന്നും നീക്കം ചെയ്ത് (Removal from the service) ഇതിനാൽ ഉത്തരവാകുന്നു.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

1. **ശ്രീ. പ്രേംദാസ്. വി. കെ.**
   **കിണറ്റിൻകര ഹൗസ്, കണ്ണഞ്ചേരി,**
   **കല്ലായ് പി. ഒ., കോഴിക്കോട്-673003**
   **(premvk65@hotmail.com)** (കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)
2. **വിദ്യാഭ്യാസ ഉപഡയറക്ടർ കോഴിക്കോട്**
3. **ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തലശ്ശേരി സൗത്ത്**
4. **ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചേവായൂർ**
5. **ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
   **കൈറ്റ്, പൂജപ്പുര**
   **തിരുവനന്തപുരം**
   (**contact@kite.kerala.gov.in**)
6. **സൂപ്രണ്ട്, 'സി' വിഭാഗം, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം**
7. **കരുതൽ ഫയൽ/ഓഫീസ് കോപ്പി.**